പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3628 20/10/2016-ൽ മറുപടിക്ക്

ബി.ആർ.സി കളിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ ശമ്പള പരിഷ്കരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) ജി.ഒ (പി) നം. 199/11/പൊവിവ തീയതി 1/10/2011 പ്രകാരം വിവിധ ബി.ആർ.സി കളിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി ജോലിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) 1-10-2011-ലെ ജി.ഒ (പി) നം. 199/2011/പൊവിവ പ്രകാരം നടപ്പാക്കിയ അദ്ധ്യാപക പാക്കേജ് വഴി, സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ ബി.ആർ.സി കളിൽ സി.ആർ.സി കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവർക്ക് അവരുടെ ശമ്പള സ്കെയിലിന്റെ പ്രാരംഭത്തുകയും (മിനിമം അടിസ്ഥാന ശമ്പളം) അലവൻസുകളുമാണ് നൽകിവന്നിരുന്നത്. 20-1-2016-ലെ ജി.ഒ (പി) നം. 7/2016/ധന. പ്രകാരം പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പ്രാരംഭത്തുകയും അലവൻസുകളുമാണ് ഇവർക്ക് ഇപ്പോൾ നൽകുന്നത്. |
| (ബി) നിലവിൽ പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പ്രാരംഭത്തുകയും അലവൻസുകളും തന്നെയാണ് ഇപ്പോൾ സി.ആർ.സി കോ-ഓർഡിനേറ്റർമാർക്ക് നൽകി വരുന്നത്. ഇത് നൽകുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ല. |
| (സി) പ്രസ്തുത വിഷയത്തിൻമേൽ അനുകൂല നടപടി സ്വീകരിക്കുന്നതിന് വേണ്ട ശ്രമമുണ്ടാക്കുമോ? | |

സെക്ഷൻ ഓഫീസർ